

# സമവായത്തിന്റെ വഴിതേടുക

**മുജാഹിദ് പ്രസ്ഥാനം രണ്ടായി പിളർന്ന പശ്ചാത്തലത്തിൽ**
**2002 ആഗസ്റ്റ് 24-ന് *പ്രബോധനം* വാരിക (ലക്കം 11, വാല്യം 59) എഴുതിയ മുഖപ്രസംഗം**

**കേരളീയ** മുസ്‌ലിം സമൂഹത്തിൽ ഗണ്യമായ സ്വാധീനമുള്ള മുജാഹിദ് പ്രസ്ഥാനം ദൗർഭാഗ്യകരമായ ഒരു പിളർപ്പിനെ അഭിമുഖീകരിച്ചിരിക്കുകയാണ്. ഇക്കഴിഞ്ഞ ആഗസ്റ്റ് 12-ന് ജ. എ.പി അബ്ദുൽഖാദിർ മൗലവിയുടെ നേതൃത്വത്തിലുള്ള കേരള നദ്‌വതുൽ മുജാഹിദീൻ എന്ന മാതൃസംഘടന അതിന്റെ അനുബന്ധ ഘടകമായ ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദീന്റെ കേന്ദ്രകമ്മിറ്റിയെ പിരിച്ചുവിടുകയും അഡ്ഹോക്ക് കമ്മിറ്റിയെ ഏർപ്പെടുത്തുകയും ചെയ്തു. ജ. ഹുസൈൻ മടവൂരിന്റെ നേതൃത്വത്തിൽ, നദ്‌വതിലെയും അനുബന്ധഘടകങ്ങളിലെയും മറ്റൊരു വിഭാഗം നേതാക്കൾ ഈ നടപടിയെ രൂക്ഷമായി എതിർത്തുകൊണ്ട് രംഗത്തുവന്നു. നിലവിലുള്ള ഐ.എസ്.എം, തങ്ങൾ കെ.എൻ.എമ്മിന്റെ ഘടകമല്ലെന്നും സ്വതന്ത്ര സംഘടനയാണെന്നും പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്. സമുദായ ഐക്യത്തിന്റെ അനിവാര്യത വിളിച്ചോതുന്ന സങ്കീർണമായ പ്രശ്നങ്ങളിലൂടെയാണിന്ന് ഇന്ത്യൻമുസ്‌ലിംകൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഈ സാഹചര്യത്തിൽ അരനൂറ്റാണ്ടിലേറെക്കാലത്തെ പ്രവർത്തനപാരമ്പര്യമുള്ള ഒരു മുസ്‌ലിം കൂട്ടായ്മയുടെ ശിഥിലീകരണം കേരളമുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഒരു ദുരന്തം തന്നെയാണ്.

മുജാഹിദ് പ്രസ്ഥാനവുമായി ജമാഅത്തെ ഇസ്‌ലാമിക്ക് പല വിഷയങ്ങളിലും വീക്ഷണവ്യത്യാസവും വിയോജിപ്പുമുണ്ട്. എന്നാൽ, മുസ്‌ലിം സമുദായത്തിന്റെ വിശ്വാസാചാരങ്ങൾ സംസ്കരിക്കാൻ യത്നിക്കുന്ന പ്രസ്ഥാനമെന്ന നിലയ്ക്കുള്ള അതിന്റെ പ്രസക്തിയെ അംഗീകരിക്കാനോ പ്രബലമായ ഒരു മുസ്‌ലിംകൂട്ടായ്മ എന്ന നിലയ്ക്കുള്ള അതിന്റെ സാന്നിധ്യത്തെ ആദരിക്കാനോ ഈ വിയോജിപ്പുകളൊന്നും ജമാഅത്തിന് തടസ്സമായിട്ടില്ല. വീക്ഷണവൈജാത്യങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ യോജിക്കാവുന്ന മേഖലകളിൽ യോജിക്കുകയും സഹകരിക്കുകയും ചെയ്യുക എന്നതാണ് മുജാഹിദുകൾ ഉൾപ്പെടെയുള്ള എല്ലാ മുസ്‌ലിംസംഘടനകളോടും ജമാഅത്ത് തുടർന്നുവന്നിട്ടുള്ള സമീപനം. ഈ സമീപനത്തെ കൂടുതൽ ദൃഢീകരിക്കാനാണ് ആധുനിക ഇന്ത്യൻസാഹചര്യം ആവശ്യപ്പെടുന്നതെന്ന് ജമാഅത്ത് മനസ്സിലാക്കുന്നു. വിവിധ വിഭാഗങ്ങളുടെ സ്റ്റേജുകളിലും പേജുകളിലും മുഴങ്ങിക്കൊണ്ടിരിക്കുന്ന ജമാഅത്ത് വിമർശനങ്ങളെപ്പോലും പലപ്പോഴും ഞങ്ങൾ കണ്ടില്ലെന്ന് നടിക്കുന്നത് അതുകൊണ്ടാണ്. ജമാഅത്ത്കൂടി പങ്കുവെക്കുന്ന മുസ്‌ലിം സൗഹൃദവേദിയിലെ ഒരു സഹോദര കക്ഷിയുമാണ് മുജാഹിദ് പ്രസ്ഥാനം. അതിൽ ആസന്നമായ പിളർപ്പ് സൗഹൃദവേദിയുടെ ലക്ഷ്യത്തിന് തിരിച്ചടിയാകുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. മാസങ്ങൾക്കു മുമ്പ് മുജാഹിദ് പ്രസ്ഥാനത്തിൽ തർക്കങ്ങൾ പുകഞ്ഞു തുടങ്ങിയപ്പോൾ തന്നെ തികഞ്ഞ ഉത്കണ്ഠയോടെയാണ് ജമാഅത്ത് അതിനെ വീക്ഷിച്ചിരുന്നത്. തർക്കങ്ങൾ ഒത്തുതീർക്കാനും പ്രസ്ഥാനത്തിന്റെ ഐക്യം കാത്തുസൂക്ഷിക്കാനും പരിപക്വവും വിവേകപൂർണവുമായ മുജാഹിദ് നേതൃത്വത്തിന് കഴിയട്ടെ എന്ന് ഞങ്ങൾ ആശിച്ചു. ഇപ്പോഴും അതുതന്നെ ആശിക്കുന്നു.

മുജാഹിദ് പ്രസ്ഥാനത്തിന്റെ പിളർപ്പ് ഒരു സംഘടനയുടെ മാത്രം പിളർപ്പല്ല. കേരള നദ്‌വതുൽ മുജാഹിദീൻ, കേരള ജംഇയ്യതുൽ ഉലമ, ഇത്തിഹാദുശ്ശുബ്ബാനിൽ മുജാഹിദീൻ, മുജാഹിദ് സ്റ്റുഡന്റ്സ് മൂവ്മെന്റ്, മുജാഹിദ് ഗേൾസ് മൂവ്മെന്റ് എന്നിങ്ങനെ ഒരു കൂട്ടം സംഘടനകളാണ് പിളരുന്നത്. കേരളത്തിൽ മുജാഹിദ് സംഘടനകളുടെ എണ്ണം അഞ്ചിൽനിന്ന് ഒറ്റയടിക്ക് പത്താവുകയാണ്. പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിലുള്ള പള്ളി-മദ്റസകൾ, കലാലയങ്ങൾ, പത്രപ്രസിദ്ധീകരണങ്ങൾ തുടങ്ങിയവയെയും ഈ ചേരിതിരിവ് സാരമായി ബാധിക്കും. അത് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ നേരത്തെ സമസ്ത കേരള ജംഇയ്യതുൽ ഉലമ പിളർന്നതിനെത്തുടർന്ന് നാം കണ്ടതാണ്. ഇപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു. ഐ.എസ്.എമ്മിന്റെ വസ്തുവഹകളെ സംബന്ധിച്ച അവകാശവാദം ഇതിനകം കോടതിയിലെത്തിക്കഴിഞ്ഞിരിക്കുന്നു. കാലത്തിന്റെ ചുമരെഴുത്തു വായിക്കാൻ പ്രാപ്തരായ മുജാഹിദ്പ്രവർത്തകർ പരമാവധി സംയമനം പാലിക്കുമെന്ന് നമുക്കാശിക്കുക.

മുജാഹിദ് പ്രസ്ഥാനത്തിലുളവായ ചേരിതിരിവിൽ ഏതെങ്കിലുമൊരു ചേരിയെ പിന്തുണക്കാനോ എതിർക്കാനോ ഞങ്ങളില്ല. ഒന്നുമാത്രം പറയട്ടെ, സമവായം അസാധ്യമായ വിശ്വാസപരമോ ആദർശപരമോ ആയ പ്രശ്നങ്ങളല്ല ഇരുചേരികളും വാർത്താ മാധ്യമങ്ങളിലൂടെ ഉന്നയിച്ചുകൊണ്ടിരിക്കുന്നത്. സംഘടനയുടെ പ്രവർത്തനരീതി, അച്ചടക്കം, നേതൃത്വനിയമനം തുടങ്ങിയവയുമായി ബന്ധപ്പെട്ട തർക്കങ്ങളാണവയിലധികവും. പുനരൈക്യം മുഖ്യലക്ഷ്യമായെടുത്ത് മറ്റു പ്രശ്നങ്ങളെ വിട്ടുവീഴ്ചയോടെ, സൗമനസ്യത്തോടെ സമീപിക്കുകയാണെങ്കിൽ ഒരു സമവായം കണ്ടെത്താൻ പ്രസ്ഥാനസാരഥികൾക്ക് കഴിയേണ്ടതാണ്. പണ്ഡിതന്മാർ ചേരിതിരിഞ്ഞ് ആരോപണ പ്രത്യാരോപണങ്ങളുമായി തെരുവിലിറങ്ങുന്നത് പിളർപ്പിന് ആഴം കൂട്ടാനും നേതാക്കളിലുള്ള വിശ്വാസം ചോർന്നുപോകാനും മാത്രമേ ഉപകരിക്കൂ. അതിന്റെ പ്രത്യാഘാതം മുജാഹിദ് പ്രസ്ഥാനത്തിൽ പരിമിതമായിരിക്കുകയില്ല. മുസ്‌ലിംലീഗിന്റെയും സമസ്തയുടെയും പിളർപ്പുകളെത്തുടർന്ന് മൊത്തം മുസ്‌ലിംസംഘടനകളെയും നേതൃത്വങ്ങളെയും കുറിച്ച് ബഹുജനങ്ങളിലുളവായിട്ടുള്ള വിശ്വാസത്തകർച്ചയ്ക്ക് അത് ആക്കം കൂട്ടുകയും ചെയ്യും.

മുസ്‌ലിം സൗഹൃദവേദി, മുസ്‌ലിംലീഗ്, ഐ.എൻ.എൽ തുടങ്ങി മുജാഹിദുകളടക്കമുള്ളവർക്ക് പ്രാതിനിധ്യമുള്ള വേദികൾ അവയുടെ കാര്യക്ഷമതയും നയതന്ത്രപാടവവും പ്രകടമാക്കേണ്ട സന്ദർഭമാണിത്. മുജാഹിദ് പ്രസ്ഥാനത്തിലുടലെടുത്ത ഇരുചേരികളെയും സമവായത്തിന്റെ പാതയിലേക്ക് നയിക്കാൻ ഉത്തരവാദപ്പെട്ടവർ രംഗത്തിറങ്ങുമെന്ന് പ്രതീക്ഷിക്കട്ടെ. ■